/60725/2023

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: KTDS/1228/2022-C

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയതി: 11-01-2023

## ക്വട്ടേഷൻ നോട്ടീസ് നമ്പർ: 03

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്പ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് - 17 ലേക്ക് 2023 ജനുവരി മാസം കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ കൈനി സങ്കേതത്തിൽ വെച്ച് നടത്തുന്ന കരിമ്പാലൻ സമുദായത്തിൻറെ പരമ്പരാഗത കലാരൂപങ്ങളുടെ ശിൽപ്പശാലയിൽ പങ്കെടുക്കുന്നവർക്ക് ഇതോടൊപ്പമുള്ള മെനു അനുസരിച്ച് ഭക്ഷണം വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1. പരിപാടിയിൽ പങ്കെടുക്കുന്ന ആകെ 20-25 പേർക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് ഈ ക്വട്ടേഷൻ ക്ഷണിക്കുന്നത്.

2. ഓരോ ദിവസവും അതതു നേരത്ത് വിതരണം ചെയ്യേണ്ട ഭക്ഷണക്രമം അന്യത്ര കൊടുത്ത പട്ടികയിൽ വിവരിച്ചിട്ടുണ്ട്.

3. ടി പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഇനം പാചകം ചെയ്ത ഭക്ഷണം, അതേ സമയത്തും അളവിലും വിതരണം ചെയ്യുന്നതിന് ഒരു ദിവസം ഒരാൾക്ക് എന്തു നിരക്ക് വരും (ഇന്ത്യൻ രൂപയിൽ) എന്ന് ഇനം തിരിച്ച് ക്വാട്ട് ചെയ്യേണ്ടതാണ്.

4. പട്ടികയിൽ പറഞ്ഞതിനു പുറമെ ശുദ്ധമായ കുടിവെള്ളവും തിളപ്പിച്ച് തയ്യാറാക്കി കൊടുക്കേണ്ടതാണ്.
5. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് കേരള സർക്കാർ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൻറെ FSSAI സർട്ടിഫിക്കറ്റ് നിലവിലുണ്ടായിരിക്കണം.
6. FSSAI സർട്ടിഫിക്കറ്റ്, പാൻകാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. മുദ്രവെച്ച കവറുകൾ 24/01/2023 ന് വൈകുന്നേരം 4.00 മണി വരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.
8. ക്വട്ടേഷനുകൾ 25/01/2023 ന് രാവിലെ 11.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക്/ സ്ഥാപനത്തിന് ക്വട്ടേഷൻ താത്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.
9. കേരള സർക്കാറിൻറെ ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

Signed by
Sreedhanya Suresh
Date: 11-01-2023 11:41:25

ഡയറക്ടർ

/60725/2023

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
3. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
4. കിർടാഡ്സ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. ഉളിക്കൽ പഞ്ചായത്ത് ഓഫീസ് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
6. ആഫീസ് പകർപ്പ്
7. കരുതൽ ഫയൽ